(7 pages) **Reg. No. : ..............................**

**Code No. : 12428** **Sub. Code : C 1 MY 11**

B.A./B.Sc. (CBCS) DEGREE EXAMINATION, NOVEMBER 2021.

First Semester

Part I — Malayalam

Paper I — PADYA SAHITHYAM – POETRY LITERATURE

(For those who joined in July 2021 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

   (a) രാമപ്പണിക്കർ (b) കുഞ്ചൻ നമ്പ്യാർ

   (c) ചെറുശ്ശേരി (d) എഴുത്തച്ഛൻ

2. മദമത്സരം ചിന്തിച്ചു ചിന്തിച്ചു
   മതി കെട്ടു നടക്കുന്നിതു ചിലർ
   - ഈ വരികൾ ജ്ഞാനപ്പാനയിലെ ഏതു ഭാഗത്തുനിന്നുള്ളതാണ്?

   (a) അധികാരിഭേദം (b) മംഗളാചരണം

   (c) സംസാരവർണ്ണന (d) തത്ത്വവിചാരം

3. രക്ഷാദക്ഷമാം തൽ പ്രസാദം, നിന്നെ

പ്പക്ഷേ വേറാളായ് മാറ്റുന്നുമുണ്ടാവാം - കൃതി ഏത്?

(a) കർണ്ണഭൂഷണം (b) ചണ്ഡാലഭിക്ഷുകി

(c) കാളിയമർദ്ദനം (d) കരുണ

4. ഉള്ളൂരിന്റെ മഹാകാവ്യം ഏത്?

(a) ഉമാകേരളം (b) ചിത്രയോഗം

(c) കർണ്ണഭൂഷണം (d) കേശവീയം

5. മാതൃഭാഷയെ പെറ്റമ്മയെന്നു പറയുന്ന കവി മറ്റുള്ള ഭാഷകളെ വിളിക്കുന്നതെന്ത്?

(a) അമ്മ (b) സഹോദരി

(c) ധാത്രി (d) ദാസി

6. മാമ്പഴം എന്ന പ്രസിദ്ധ കവിത ആരുടേതാണ്?

(a) ചങ്ങമ്പുഴ (b) വൈലോപ്പിള്ളി

(c) വള്ളത്തോൾ (d) വയലാർ

7. എലികൾ എന്ന കവിത ഏതു പശ്ചാത്തലത്തിലാണ് രചിക്കപ്പെട്ടത്?

(a) മത്സ്പർദ്ധ (b) പ്ലേഗ്

(c) വിഭജനം (d) ക്ഷാമം

8. കാടെവിടെ മക്കളേ എന്ന കവിതയിൽ വയനാടിനെക്കുറിച്ചു പറയുമ്പോൾ പരാമർശിക്കുന്ന നദിയേത്?

(a) കബനി (b) ചാലിയാർ

(c) കാരാപ്പുഴ (d) പാപനാശിനി

9. ജനലിനപ്പുറം ജീവിതം പോലെയീ പകൽവെളിച്ചം പൊലിഞ്ഞു പോകുന്നതും - ഏതു സമയത്തെക്കുറിച്ചാണ് കവിയുടെ ഭാവന?

(a) രാത്രി (b) മദ്ധ്യാഹ്നം

(c) പ്രഭാതം (d) സന്ധ്യ

10. താഴെക്കൊടുത്തിരിക്കുന്നതിൽനിന്നും എ.അയ്യപ്പന്റെ കവിത കണ്ടെത്തുക.

(a) കുറത്തി

(b) വെയിൽ തിന്നുന്ന പക്ഷി

(c) കഷണ്ടി

(d) എഴുത്തച്ഛനെഴുതുമ്പോൾ

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) മക്കളെപ്പെറ്റുള്ളോരമ്മമാരാർക്കുമേ

ഉൾക്കാമ്പിൽ വേദനയെന്നിയില്ലേ - സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) മകരകുണ്ഡലം പ്രതിബിംബിക്കുന്ന

കവിൾത്തടങ്ങളും മുഖസരോജവും

- കാവ്യഭാവന, സന്ദർഭം എന്നിവ വിശദമാക്കുക.

12. (a) കാൺക നമ്മുടെ സംസാരം കൊണ്ടത്രേ

വിശ്വമീവണ്ണം നിൽപ്പൂവെന്നും ചിലർ - സാംഗത്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ;

തന്വിയാണവൾ കല്ലല്ലിരുമ്പല്ല!

- സന്ദർഭമേത്? വിശദമാക്കുക.

13. (a) പൊങ്ങു തടികൊണ്ടുതീർത്തൊരു പെട്ടിയി-

ലങ്ങിട്ടു വേഗമടച്ചുപൂട്ടി

- കവിതയേത്? സന്ദർഭം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അമ്മതാൻ തന്നെ പകർന്നുതരുമ്പോഴേ

നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!

- ആശയം വിശദീകരിക്കുക.

14. (a) ദൈവങ്ങളീവിധം ദ്വേഷിച്ചു നിൽക്കുകിൽ

പാവങ്ങളീ ഞങ്ങളെന്തു ചെയ്യും? - സന്ദർഭമെഴുതുക.

അല്ലെങ്കിൽ

(b) എട്ടുകാലി വല നീർത്തിയ മൂലയിൽ

കഷ്ടം കുടുങ്ങിയോ കുട്ടികളേ - കവിതയേത്? ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

15. (a) മരവും മനുഷ്യനും കിളിയും മൃഗങ്ങളും

ചെടിയും ചെടിയ്ക്കാത്ത നാടെവിടെ മക്കളെ - ആശയം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) സ്മരണതൻ ദൂരസാഗരം തേടിയെൻ

ഹൃദയരേഖകൾ നീളുന്നു പിന്നെയും - കവി ഇങ്ങനെ പറയുന്ന സന്ദർഭമേത്?

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) കാളിയമർദ്ദനം എന്ന ഭാഗത്ത് ചെറുശ്ശേരി ശ്രീകൃഷ്ണന്റെ പ്രവൃത്തികളെ അവതരിപ്പിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ വർണ്ണനാപാടവത്തെക്കുറിച്ച് പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

17. (a) പൂന്താനത്തെ ഭക്തകവിയെന്ന് വിളിക്കുന്നതെന്തുകൊണ്ട്? വിശദമാക്കുക.

അല്ലെങ്കിൽ

(b) ആശാനെ സ്നേഹഗായകൻ എന്നു വിളിക്കുന്നതിന് കാരണമെന്ത്? വിശദീകരിച്ചെഴുതുക.

18. (a) ഉള്ളൂരിന്റെ രചനാശൈലി കർണ്ണഭൂഷണത്തെ അടിസ്ഥാനമാക്കി വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ഭാഷയോടുള്ള സമീപനം വള്ളത്തോൾ വ്യക്തമാക്കുന്നതെങ്ങനെ? എന്റെ ഭാഷയെ ആസ്പദമാക്കി വിവരിക്കുക.

19. (a) ജലസേചനം എന്ന കവിതയിൽ മനുഷ്യന്റെ സ്ഥൈര്യത്തെയും പുരോഗമനേച്ഛയെയും കണ്ടെത്താനാവും - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) എലികൾ എന്ന കവിതയിലൂടെ എൻ.വി. കൃഷ്ണവാരിയർ അവതരിപ്പിക്കുന്ന പ്രമേയമെന്ത് ?

20. (a) പ്രകൃതിയെക്കുറിച്ചുള്ള വിചാരമാണ് കാടെവിടെ മക്കളേ എന്ന കവിതയിൽ ശക്തമായി നിൽക്കുന്നത് - നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) കൗസല്യ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

---